"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- ഭവനവകുപ്പ് (സാങ്കേതിക വിഭാഗം) -ബജറ്റ് 2024-25-പ്ലാൻ പദ്ധതികൾ- പദ്ധതി വിഹിതം പുനക്രമീകരിച്ച്- ഭരണാനുമതി ഭേദഗതി ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1/2025/HSG തീയതി,തിരുവനന്തപുരം, 25 01 2025

പരാമർശം:- 1. 29.05.2024-ൽ നടന്ന 2024-25 സാമ്പത്തിക വർഷത്തെ വകുപ്പുതല വർക്കിംഗ് കമ്മിറ്റി യോഗം.
2. സ. ഉ. പി. 76/2024/ധന തീയതി 31.08.2024
3. 06.11.2024-ൽ ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം.

**ഉത്തരവ്**

ഭവനവകുപ്പ് (സാങ്കേതിക വിഭാഗം) ത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി വിഹിതം പ്രകാരമുള്ള പദ്ധതികൾ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിഗണിക്കുകയും പരാമർശം-1 പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ നാല് പദ്ധതികൾക്ക് ഭരണാനുമതി നൽകി.

2. പരാമർശം 2 പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നല്കിയിട്ടുള്ള പദ്ധതികൾ പുനപരിശോധിക്കുവാനും പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് വകുപ്പിന് ആകെ അനുമതി നല്കിയ തുകയുടെ 50% ആയി നിജപ്പെടുത്തുവാനും ഉത്തരവായി. വകുപ്പ് അധ്യക്ഷൻമാരുമായി 06.11.2024-ൽ യോഗം ചേരുകയും നിലവിലെ സാഹചര്യം കൂടി പരിഗണിച്ച് അനുവദിച്ച തുകയുടെ അനിവാര്യത വിശദമായി പരിശോധിക്കുകയും വകുപ്പിന്റെ ആകെ പദ്ധതി വിഹിതം 50% ആകും വിധം പദ്ധതികളുടെ ഭരണാനുമതി തുക പുനർനിർണ്ണയിച്ചും പ്രയോഗികമല്ലാത്ത പദ്ധതി ഈ സാമ്പത്തിക വർഷം ഒഴിവാക്കിയും 2024-25 വർഷത്തെ പ്ലാൻ തുക താഴെപ്പറയും പ്രകാരം പുനക്രമീകരിക്കുവാൻ ശിപാർശ ചെയ്തു.

| Sl. No (1) | Name of Project & Head of Account (2) | Budget Provision (Rs.in lakh) (3) | AS Issued (Rs.in lakh) (4) | AS-GO No.&date (5) | Revised AS amt (Rs.in lakh) (6) |
|---|---|---|---|---|---|
| 1 | Development and hosting of a mobile application E- | | | GO(Rt) | |

| | | | | | |
|---|---|---|---|---|---|
| | Griha.<br>2216-80-001-96 | **30.00** | **30.00** | No.38/2024/HSG dtd 19.06.2024 | **26.50** |
| 2. | Technical Training.<br>2216-80-001-96 | **5.00** | **5.00** | GO(Rt)No.46/2024/HSG dtd 21.06.2024 | **5.00** |
| 3. | Development of comprehensive housing Module for coastal, water logged and highland areas susceptible to landslide.<br>2216-80-001-96 | **28.00** | **28.00** | GO(Rt)No.45/2024/HSG dtd 21.06.2024 | **0**<br>**(പദ്ധതി ഈ സാമ്പത്തിക വർഷം ഒഴിവാക്കാവുന്ന-താണ്)** |
| 4. | GIS Based Housing Status Information System for Kerala<br><br>2216-80-001-93 | **43.00** | **43.00** | GO(Rt) No.44/2024/HSG dtd 21.06.2024 | **35.00** |
| | **Total** | **106.00** | **106.00** | | **66.5** |

3. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. ഭവനവകുപ്പ് (സാങ്കേതിക വിഭാഗം) ത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി വിഹിതം പ്രകാരമുള്ള പദ്ധതികളിൽ ഭരണാനുമതി നല്കിയിട്ടുള്ള മൂന്ന് പദ്ധതികളുടെ ഭരണാനുമതി മേൽ പട്ടിക പ്രകാരം അഞ്ചാം (5) കോളം പ്രകാരം അനുമതി നൽകിയ തുകകൾ ആറാം കോളത്തിൽ (6) രേഖപ്പെടുത്തിയ തുകകൾ ആയി ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാഗേഷ്.ഡി

അഡിഷണൽ സെക്രട്ടറി

ഹൗസിംഗ് കമ്മീഷണർ, ഭവനവകുപ്പ് (സാങ്കേതിക വിഭാഗം), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്

ആസൂത്ര സാമ്പത്തിക കാര്യ (എ) വകുപ്പ്

ഐ &പി. ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 25-01-2025 15:18:51
സെക്ഷൻ ഓഫീസർ